ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.09.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ സെമികോൺ ഇന്ത്യ എക്സ്പോ മാർട്ടിന് ഗ്രേറ്റർ നോയിഡയിൽ തുടക്കം കുറിക്കും.

Prime Minister Narendra Modi will inaugurate Semicon India Expo Mart in Greater Noida tomorrow.

2) ദേശീയ സുരക്ഷയുടെ പ്രധാനപ്പെട്ട ഭാഗമാണ് സൈബർ സുരക്ഷയെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെൻറർ സ്ഥാപക ദിനാഘോഷങ്ങളെ കേന്ദ്രമന്ത്രി അഭിസംബോധന ചെയ്തു. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട പുരസ്കാരം കേരളം ചടങ്ങിൽ ഏറ്റുവാങ്ങി.

Cyber Security is an integral part of national security, says Union Home Minister Amit Shah. the home minister addressed the first Foundation Day celebration of Indian Cyber Crime Coordination Centre in New Delhi today. Kerala received award for commendable performance in combating cybercrime against women and children.

3) വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ജർമ്മനിയിലെത്തും.

EAM Dr. S. Jaishankar to begin his two-day visit to Germany today.

4) ഹേമ കമ്മിറ്റി റിപ്പോർട്ടിൻറെ പൂർണ്ണ രൂപം പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറണമെന്ന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ച് ഹൈക്കോടതി.

Kerala High Court directed the state government to hand over the full report of Hema Committee to the Special Investigation Team.

5) **പാരീസ് പാരാലിമ്പിക്സിൽ പങ്കെടുത്ത് മടങ്ങിയെത്തിയ ഇന്ത്യൻ സംഘത്തിന് ഡൽഹിയിൽ ഊഷ്മള വരവേൽപ്.**

**The Indian contingent returned from the Paris Paralympics received a rousing welcome at New Delhi Airport today.**

**********************************************

**SEMICON INDIA**

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ സെമികോൺ ഇന്ത്യ എക്സ്പോ മാർട്ടിന് ഗ്രേറ്റർ നോയിഡയിൽ തുടക്കം കുറിക്കും. അർദ്ധചാലക രംഗത്തെ ഇന്ത്യയുടെ ഭാവി രൂപപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് മൂന്ന് ദിവസത്തെ മേള സംഘടിപ്പിക്കുന്നത്. മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധർ പരിപാടിയിൽ പങ്കെടുക്കും.

രാജ്യത്തിൻറെ അർദ്ധചാലക നയം ലോകത്തിന് മുന്നിൽ പരിചയപ്പെടുത്തുന്ന വേദികൂടിയായി സമ്മേളനം മാറും. ഇതിൻറെ ഭാഗമായി ഒരുക്കുന്ന പ്രദർശനത്തിൽ 250-ലേറെ പ്രദർശകർ പങ്കെടുക്കും.

**********************************************

**AMIT SHAH-I4C - (INTRO)**

ദേശീയ സുരക്ഷയുടെ പ്രധാനപ്പെട്ട ഭാഗമാണ് സൈബർ സുരക്ഷയെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെൻററിൻറെ സ്ഥാപക ദിനാഘോഷങ്ങളെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സാങ്കേതിക വിദ്യ മനുഷ്യന് ഉപകാരപ്രദമാണെങ്കിലും ഇത് ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നതായി അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ്........)**

സൈബർ കുറ്റകൃത്യങ്ങൾക്കെതിരായ സംരക്ഷണത്തിനുള്ള പ്രധാന സംരംഭങ്ങൾക്കും ശ്രീ അമിത് ഷാ ചടങ്ങിൽ തുടക്കം കുറിച്ചു. സൈബർ ഫ്രോഡ് മിറ്റിഗേഷൻ സെൻററും അദ്ദേഹം

രാജ്യത്തിന് സമർപ്പിച്ചു. സൈബർ സുരക്ഷ വർധിപ്പിക്കുന്നതിനായി സംസ്ഥാനങ്ങളിലും കേന്ദ്ര പോലീസ് വിഭാഗങ്ങളിലും പരിശീലനം ലഭിച്ച സ്പെഷ്യലിസ്റ്റുകളുടെ വിഭാഗം രൂപികരിക്കുന്ന 'സൈബർ കമാൻഡോസ്' പരിപാടിയും അദ്ദേഹം ഉദ്ഘാടനം ചെയ്തു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ തടയുന്ന പ്രവർത്തനങ്ങൾക്കായുള്ള പുരസ്കാരം കേരളം ചടങ്ങിൽ ഏറ്റുവാങ്ങി. സ്ഥാപക ദിനാഘോഷത്തോട് അനുബന്ധിച്ച് പ്രഖ്യാപിച്ച പുരസ്കാരം കേന്ദ്ര ആഭ്യന്തര മന്ത്രിയിൽ നിന്ന് സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബാണ് ഏറ്റുവാങ്ങിയത്.

****************************************************

**JAISHANKAR-GERMANY VISIT**

വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ജർമ്മനിയിലെത്തും. ജർമ്മൻ വിദേശകാര്യ മന്ത്രിയുമായും മറ്റ് പ്രധാന നേതാക്കളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇന്ത്യയുടെ സുപ്രധാന വ്യാപാര പങ്കാളിയും, നേരിട്ടുള്ള വിദേശ നിക്ഷേപത്തിൻ്റെ പ്രധാന സ്രോതസുമാണ് ജർമനി. ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസിൻ്റെ അടുത്ത മാസത്തെ ഇന്ത്യ സന്ദർശനത്തിന് മുന്നോടിയായാണ് വിദേശകാര്യ മന്ത്രിയുടെ ജർമൻ സന്ദർശനമെന്നും വിലയിരുത്തപ്പെടുന്നു. ഇന്നലെ റിയാദിൽ നടന്ന ഇന്ത്യ-ഗൾഫ് സഹകരണ കൗൺസിൽ മന്ത്രിതല സമ്മേളനത്തിൽ ശ്രീ ജയശങ്കർ സഹ അധ്യക്ഷനായി പങ്കെടുത്തിരുന്നു. ത്രിരാഷ്ട്ര സന്ദർശനത്തിൻറെ അവസാന ഘട്ടത്തിൽ സ്വിറ്റ്സർലൻഡ് സന്ദർശിക്കുന്ന വിദേശകാര്യമന്ത്രി അന്താരാഷ്ട്ര സംഘടനകളുടെ പ്രതിനിധികളുമായി ജനീവയിൽ കൂടിക്കാഴ്ച നടത്തും.

*******************************************************

## GST COUNCIL - MEETING

കാൻസർ ചികിത്സാ മരുന്നുകളുടെ ജി.എസ്.ടി 12 ശതമാനത്തിൽ നിന്നും 5 ശതമാനമാക്കി കുറയ്ക്കാൻ ജി.എസ്.ടി കൗൺസിൽ യോഗത്തിൽ തീരുമാനം. ധനമന്ത്രി നിർമലാ സീതാരാമൻറെ അധ്യക്ഷതയിൽ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന 54-ാം മത് ജി.എസ്.ടി കൗൺസിൽ യോഗത്തിലാണ് തീരുമാനം. സർവകലാശാലകൾക്ക് ഗവേഷണത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന ഫണ്ടിനെ ജി.എസ്.ടിയിൽ നിന്ന് ഒഴിവാക്കി. മെഡിക്കൽ ഹെൽത്ത് ഇൻഷുറൻസിൻറെ ജി.എസ്.ടി കുറയ്ക്കുന്ന വിഷയം മന്ത്രിതല സമിതിക്ക് വിട്ടതായി ശ്രീമതി സീതാരാമൻ അറിയിച്ചു. സമിതി റിപ്പോർട്ട് അടുത്തമാസം സമർപ്പിക്കും. റിയൽ എസ്റ്റേറ്റ്, ഓൺലൈൻ ഗെയിമിങ്ങ്, കാസിനോ എന്നിവയിലെ നികുതി നിരക്ക് പരിശോധിക്കാൻ ചുമതലപ്പെടുത്തിയ മന്ത്രിതല സമിതി റിപ്പോർട്ട് സമർപ്പിച്ചതായും മന്ത്രി പറഞ്ഞു. ഓൺലൈൻ ഗെയിമിങ്ങുമായി ബന്ധപ്പെട്ട നികുതി വരുമാനം കഴിഞ്ഞ 6 മാസത്തിനിടെ 412 ശതമാനം വർദ്ധിച്ചതായും ധനമന്ത്രി അറിയിച്ചു.

*******************************************************

## OFFICIAL LANGUAGE

ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട പാർലമെൻററി സമിതിയുടെ അധ്യക്ഷനായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. 2047-ഓടെ രാജ്യത്തെ എല്ലാ ഭരണ സംവിധാനങ്ങളും ഇന്ത്യൻ ഭാഷകളിലാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ശ്രീ അമിത് ഷാ വ്യക്തമാക്കി. എട്ടാം ഷെഡ്യൂളിൽപ്പെട്ട എല്ലാ ഭാഷകളിലേക്കും വിവർത്തനം സാധ്യമാക്കുന്ന സോഫ്റ്റ്‌വെയർ രൂപപ്പെടുത്താനുള്ള

പ്രവർത്തനങ്ങൾ ഔദ്യോഗിക ഭാഷാ വകുപ്പിൻറെ നേതൃത്വത്തിൽ പുരോഗമിക്കുന്നതായും അദ്ദേഹം പറഞ്ഞു.

*********************************************

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

*********************************************

**KOCHI – HIGH COURT**

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തിയിട്ടുള്ള ശബ്ദരേഖ ഉൾപ്പെടെ റിപ്പോർട്ടിൻറെ പൂർണ്ണരൂപം പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറണമെന്ന് ഹൈക്കോടതി നിർദ്ദേശം . റിപ്പോർട്ട് പഠിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് എസ് ഐ ടി കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നും ഡിവിഷൻ ബഞ്ച് ആവശ്യപ്പെട്ടു. കേസ് ഹൈക്കോടതി ഒക്ടോബർ മൂന്നിന് വീണ്ടും പരിഗണിക്കും. കേസുമായി ബന്ധപ്പെട്ട് അന്വേഷണ സംഘത്തിന് മേൽ സമ്മർദ്ദം ഉണ്ടാവുകയോ, ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ മാധ്യമങ്ങളിലൂടെയോ സമൂഹമാധ്യമങ്ങളിലൂടെയോ പുറത്തുവരുകയോ ചെയ്യരുതെന്നും, ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു. അന്വേഷണസംഘം തിടുക്കപ്പെട്ട് നടപടികൾ എടുക്കേണ്ടതില്ലെന്നും കോടതി വ്യക്തമാക്കി.
ലൈംഗിക പരാതികൾ കൂടാതെ മറ്റു പ്രശ്നങ്ങളും ഉയർന്നു വന്നിട്ടുള്ളതിനാൽ, സ്ത്രീകൾ സമൂഹത്തിൽ നേരിടുന്ന വിവിധ പ്രശ്നങ്ങൾ കൂടി പരിഗണിക്കുന്നതിനാണ് കോടതിയുടെ ശ്രമമെന്നും ഡിവിഷൻ ബെഞ്ച് പറഞ്ഞു. റിപ്പോർട്ടിന്മേൽ കഴിഞ്ഞ അഞ്ചുവർഷം സംസ്ഥാന സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിനെ ഹൈക്കോടതി വിമർശിച്ചു. കുറ്റകൃത്യമാണെന്ന് വ്യക്തമായ

പരാതികളിൽ, കഴിഞ്ഞ അഞ്ചുവർഷം ഒരു എഫ്.ഐ.ആർ പോലും ഇടാതിരുന്ന സർക്കാരിൻറെ സമീപനം ഞെട്ടിക്കുന്നതാണെന്നും ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു.

**************************************************

## SITARAM YECHURY

ന്യൂഡൽഹി എയിംസിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിൽ കഴിയുന്ന സി.പി.ഐ (എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ ആരോഗ്യനില ഗുരുതരമായി തുടരുന്നു . ശ്വസന ഉപകരണങ്ങളുടെ സഹായത്തോടെയാണ് അദ്ദേഹം ചികിത്സയിൽ കഴിയുന്നതെന്ന് സി.പി.ഐ (എം) അറിയിച്ചു. ആരോഗ്യസ്ഥിതി ഡോക്ടർമാർ നിരന്തരം നിരീക്ഷിച്ച് വരികയാണ്. ശ്വാസകോശ സംബന്ധമായ രോഗത്തെ തുടർന്നാണ് അദ്ദേഹത്തെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചത്.

**************************************************

## SC HEARING- MAHARASHTRA

ശിവസേന ഏകനാഥ് ഷിൻഡേ വിഭാഗത്തെ യഥാർത്ഥ ശിവസേനയായി അംഗീകരിച്ച മഹാരാഷ്ട്ര അസംബ്ലി സ്പീക്കറുടെ തീരുമാനത്തിനെതിരെ, ശിവസേന ഉദ്ദവ് താക്കറേ വിഭാഗം സമർപ്പിച്ച ഹർജിയിൽ സുപ്രീംകോടതി ഇന്ന് വാദം കേൾക്കും. ഹർജിയിൽ മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡേയുടെയും, അദ്ദേഹത്തെ അനുകൂലിക്കുന്ന 38 എംഎൽഎമാരുടെയും അഭിപ്രായം ആരാഞ്ഞ്, കോടതി ജനുവരിയിൽ നോട്ടീസ് അയച്ചിരുന്നു. ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഢ് അധ്യക്ഷനായ ബഞ്ചാണ് ഹർജി പരിഗണിക്കുന്നത്. എൻസിപി അജിത് പവാർ പക്ഷ എംഎൽഎമാരെ അയോഗ്യരാക്കു

ന്നതുമായി ബന്ധപ്പെട്ട് ശരത് പവാർ ഗ്രൂപ്പ് നേതാവ് ജയന്ത് പാട്ടീൽ സമർപ്പിച്ച ഹർജിയിലും കോടതി ഇന്ന് വാദം കേൾക്കും.
**********************************************

## J K ELECTION

ജമ്മുകശ്മീരിൽ മൂന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന 19 സ്ഥാനാർത്ഥികളുടെ പട്ടിക കോൺഗ്രസ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി പുറത്തിറക്കി. ഇതിൽ ആറ് പേർ മുൻ മന്ത്രിമാരാണ്.
**********************************************

## DELHI FIRECRACKER BAN

രാജ്യതലസ്ഥാനത്ത് പടക്കങ്ങളുടെ നിർമാണത്തിനും സംഭരണത്തിനും വില്പനയ്ക്കും ഉപയോഗത്തിനും വിലക്ക് ഏർപ്പെടുത്തി ഡൽഹി സർക്കാർ. ശൈത്യ കാലത്ത് വായുമലിനീകരണം കൂടാൻ സാധ്യതയുള്ളതിൻറെ പശ്ചാത്തലത്തിലാണ് തീരുമാനമെന്ന് ഡൽഹി പരിസ്ഥിതി മന്ത്രി ഗോപാൽ റായ് പറഞ്ഞു. 2025 ജനുവരി ഒന്ന് വരെയാണ് വിലക്ക്.
**********************************************

## PIB – FACT CHECK

ഏകതാ പ്രതിമയിൽ വിള്ളലുണ്ടായതായും തകർന്നു വീണേക്കാമെന്നുമുള്ള പ്രചരണം തള്ളി പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക് വിഭാഗം. പ്രതിമയിൽ വിള്ളലുള്ളതായി കാണിച്ച് സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന ചിത്രം തെറ്റാണെന്നും, 2018-ൽ പ്രതിമ നിർമ്മിക്കുന്ന ഘട്ടത്തിലുള്ളതാണ് ഇതെന്നും ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.
**********************************************

## IND-PARALYMPIC CONTINGENT

പാരീസ് പാരാലിമ്പിക്സിൽ പങ്കെടുത്ത് മടങ്ങിയെത്തിയ ഇന്ത്യൻ സംഘത്തിന് ഡൽഹി വിമാനത്താവളത്തിൽ ഊഷ്മള സ്വീകരണം. 7 സ്വർണവും 9 വെള്ളിയും 13 വെങ്കലവും ഉൾപ്പെടെ 29 മെഡലുകളാണ് ഇത്തവണ പാരാലിമ്പിക്സിൽ ഇന്ത്യയുടെ നേട്ടം. 2020 ടോക്യോ പാരാലിമ്പിക്സിൽ 19 മെഡലുകളായിരുന്നു ഇന്ത്യൻ താരങ്ങൾ നേടിയത്.

*********************************************

## ISRAEL-GAZA KILLED-

തെക്കൻ ഗസയിൽ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ നാൽപതോളം പേർ കൊല്ലപ്പെട്ടു. ആക്രമണത്തിൽ 60-ലധികം പേർക്ക് പരിക്കേറ്റതായും നിരവധിപ്പേർ കെട്ടിടാവശിഷ്ടങ്ങളിൽ കുടുങ്ങിക്കിടക്കുന്നതായും ഹമാസിൻറെ സിവിൽ ഡിഫൻസ് അതോറിറ്റി അറിയിച്ചു. ഖാൻ യൂനിസിലെ ഹമാസ് കേന്ദ്രത്തിന് നേരെ വ്യോമാക്രമണം നടത്തിയതായി ഇസ്രായേൽ സൈന്യവും സ്ഥിരീകരിച്ചിട്ടുണ്ട്. അതേസമയം, ഗസയിലെ സംഘർഷം അവസാനിപ്പിക്കണമെന്ന് യു.എൻ മനുഷ്യാവകാശ കമ്മീഷൻ ആവർത്തിച്ചു.

*********************************************

## AUS CHILDREN SOCIAL MEDIA

ഓസ്ട്രേലിയയിൽ സമൂഹമാധ്യമം ഉപയോഗിക്കുന്നതിൽ കുറഞ്ഞ പ്രായപരിധി ഏർപ്പെടുത്താൻ തീരുമാനം. കുട്ടികളെ സുരക്ഷിതമാക്കുന്നതിനും രക്ഷകർത്താക്കൾക്ക് പിന്തുണ നൽകുന്നതിനുമാണ് തീരുമാനമെന്ന് പ്രധാനമന്ത്രി ആൻറണി ആൽബനീസ് സമൂഹമാധ്യമത്തിൽ പറഞ്ഞു.

*********************************************

## NEPAL-ISA

അന്താരാഷ്ട്ര സൗരോർജ സഖ്യത്തിൽ പൂർണ അംഗത്വം നേടുന്ന 101-ആം രാജ്യമായി നേപ്പാൾ. വിദേശകാര്യമന്ത്രാലയ ജോയിൻറ് സെക്രട്ടറി അഭിഷേക് സിങ്ങും നേപ്പാൾ നയതന്ത്ര പ്രതിനിധി സുരേന്ദ്ര തപയുമായാണ് ന്യൂഡൽഹിയിൽ ഇന്നലെ കരാർ കൈമാറിയത്.

**********************************************

## DEFENCE-MANILA

ഇന്ത്യ-ഫിലിപ്പീൻസ് സംയുക്ത പ്രതിരോധ സഹകരണ സമിതിയുടെ അഞ്ചാമത് യോഗം നാളെ ഫിലിപ്പീൻസിലെ മനിലയിൽ നടക്കും. കേന്ദ്ര പ്രതിരോധ സെക്രട്ടറി ഗിരിധർ അരമന യോഗത്തിൽ സഹ അധ്യക്ഷനാകും. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾ യോഗത്തിൽ നടക്കുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

**********************************************

**********************************************

**********************************************